പതിനാലാം കേരള നിയമസഭ

13-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3316

10.12.2018-ൽ മറുപടിക്ക്

# കോന്നി നിയോജക മണ്ഡലത്തിലെ റിവർ മാനേജ്മെന്റ് ഫണ്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അടൂർ പ്രകാശ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് കോന്നി നിയോജക മണ്ഡലത്തിൽ ഏതെല്ലാം പാലങ്ങളാണ് നിർമ്മിക്കുന്നത്; | (എ) കൈപ്പട്ടൂർ, തൂപ്പാറ, ചിറ്റൂർകടവ് |
| (ബി) ഇവ ഓരോന്നിന്റെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (ബി) ചിറ്റൂർകടവ് - 29.75 % പൂർത്തീകരിച്ചു<br>കൈപ്പട്ടൂർ - 66 % പൂർത്തീകരിച്ചു<br>തൂപ്പാറ - 63 % പൂർത്തീകരിച്ചു |
| (സി) പത്തനംതിട്ട ജില്ലയ്ക്ക് റിവർ മാനേജ്മെന്റ്ഫണ്ട് കൈമാറുന്നതിനുള്ള നടപടി ക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (സി) പത്തനംതിട്ട ജില്ലയിൽ റിവർ മാനേജ്മെന്റ്ഫണ്ടിൽ തനത് ഫണ്ട് ഒന്നും തന്നെയില്ലാതിരുന്നതിനാൽ മറ്റ് ജില്ലകളിലെ റിവർ മാനേജ്മെന്റ്ഫണ്ടിൽ നിന്നും ഫണ്ട് കണ്ടെത്തി പത്തനംതിട്ട ജില്ലയ്ക്ക് നൽകുന്നതിനുള്ള ശുപാർശ സർക്കാരിന് നൽകാൻ 04.10.2018-ലെ സംസ്ഥാന ഉന്നതതല സമിതി യോഗം ലാന്റ് റവന്യൂ കമ്മീഷണറോട് നിർദ്ദേശിച്ചിരുന്നു. അതിൻ പ്രകാരം മലപ്പുറം ജില്ലയിൽ നിന്നും 50 ലക്ഷം രൂപയും, തൃശ്ശൂർ ജില്ലയിൽ നിന്നും 50 ലക്ഷം രൂപയും, പാലക്കാട് ജില്ലയിൽ നിന്നും 43,52,062/- ലക്ഷം രൂപയും പത്തനംതിട്ട ജില്ലയ്ക്ക് കൈമാറി നൽകുവാൻ ലാന്റ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത ഫയൽ പരിശോധനയിലാണ്. |
| (ഡി) ജില്ലാ കളക്ടറുടെ അംഗീകാരമില്ലാതെ കരാറിൽ ഏർപ്പെട്ടതിനെ സംബന്ധിച്ച് നിയമ വകുപ്പ് നൽകിയ ഉപദേശം എന്താണ്; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ഡി) നിയമ വകുപ്പ് നൽകിയ ഉപദേശത്തിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (ഇ) | സാങ്കേതിക തടസ്സവാദങ്ങൾ ഒഴിവാക്കി നിർമ്മാണം പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ? | (ഇ) | നിർമ്മിതി കേന്ദ്ര ഉന്നയിച്ചിട്ടുള്ള Rate revision, design change എന്നിവ അനുവദിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പ് ചീഫ് ടെക്നിക്കൽ ഓഫീസറുടെ ശുപാർശ ലഭ്യമായ ശേഷം മാത്രമേ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ |

സെക്ഷൻ ഓഫീസർ

- 1 സാരാംശം

നമ്പർ 12614/ ഉപദേശ ജി2/2018/നിയമം -18- നിയമ (ഉപദേശ ജി) വകുപ്പ്
നം.10/പി.3/2018/റവ തീയതി, 09/07/2018

47. പത്തനംതിട്ട ജില്ലാ നിർമ്മിതി കേന്ദ്രവും M/s സോംസ് ഇൻഫ്രാക്ട്രചറും തമ്മിലുണ്ടാക്കിയ കാരറിന്റെ നിയമവശം പരിശോധിക്കുന്നതിനും ടി കരാർ പ്രകാരം റേറ്റ് റിവിഷൻ അനുവദിക്കേണ്ടതുണ്ടോ, എന്നതിന്മേൽ നിയമോപദേശം നൽകുന്നതിനുമായാണ് ടി ഫയൽ നിയമ വകുപ്പിന് കൈമാറിയിട്ടുള്ളത്.

48. കേരളത്തിലെ വിവിധ ജില്ലകളിലായി റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് 9 പാലങ്ങൾ നിർമ്മിക്കുന്നതിന് 19/11/2015-ലെ 6032/15/RD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ തീരുമാനിച്ചിരുന്നതും ടി വർക്കിനായി ജില്ലാ നിർമ്മിതി കേന്ദ്രം പത്തനംതിട്ട നോഡൽ ഏജൻസിയായി നിയമിച്ചിട്ടുള്ളതുമാണ്. നിർമ്മിതി കേന്ദ്രം 9 പാലങ്ങളുടെ നിർമ്മാണത്തിന് ടെൻഡർ വിളിക്കുകയും, ടി ടെൻഡർ M/s Serms Infrastructure Private Limited ന് നൽകുകയും ടി കമ്പനിയുമായി നിർമ്മിതി കേന്ദ്രത്തിന്റെ പ്രോജക്റ്റ് മാനേജർ 04/02/2016 - ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. എന്നാൽ നിർമ്മതി കേന്ദ്രയുടെ പ്രോജക്റ്റ് മാനേജർക്ക് സർക്കാരിന് വേണ്ടി കമ്പനിയുമായി കരാറിൽ ഏർപ്പെടാനുള്ള അധികാരം നൽകിയിട്ടുണ്ടോ എന്ന് ഫയലിൽ നിന്നും വ്യക്തമല്ല.

49. ഇന്ത്യൻ ഭരണഘടനയിലെ അനുച്ഛേദം 299 ഇപ്രകാരമാണ്:-

Art. 299. Contracts :-

"All contracts made in the exercise of the executive power of the Union or of a State shall be expressed to be made by the President, or by the Governor of the State, as the case may be, and all such contracts and all assurances of property made in the exercise of that power shall be executed on behalf of the President or the Governor by such persons and in such manner as he may direct or authorize".

അതായത് സർക്കാരിനുവേണ്ടിയുള്ള കരാറുകളെല്ലാം തന്നെ രാഷ്ട്രപതിക്ക്/ഗവർണർക്ക് വേണ്ടി തയ്യാറാക്കപ്പെട്ടതെന്ന് വ്യക്തമാക്കി പറഞ്ഞിരിക്കണമെന്നും അങ്ങനെ ഉള്ള എല്ലാ കാരാറുകളും

രാഷ്ട്രപതിക്കോ, ഗവർണ്ണർക്കോ വേണ്ടി അദ്ദേഹം നിർദ്ദേശിക്കുകയോ, അധികാരപ്പെടുത്തു കയോ, ചെയ്യുന്ന വിധത്തിലും ഒപ്പിട്ട് പൂർത്തിയാക്കേണ്ടതും, ആകുന്നു.

50. ബഹു.സുപ്രീം കോടതിയുടെ ബിഹാർ ഈസ്റ്റേൺ ഗാൻഞ്ചെറ്റിക് ഫിഷർമെൻ കോർപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് v. സിപാഹി സിംഗും മറ്റുള്ളവരും (AIR 1977 SCC 2149) എന്ന കേസിൽ ബഹു.കോടതി ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 299 അനുസരിച്ചല്ലാതെയുള്ള കരാറുകളെല്ലാം തന്നെ ശൂന്യവും നിയമപരമായി നടപ്പിൽ വരുത്താൻ കഴിയാത്തതുമാണെന്ന് പറഞ്ഞിരിക്കുന്നു.

51. 09/06/2017- ലെ പത്തനതിട്ട ജില്ലാകളക്ടറുടെ DM3/14390/15(1) നമ്പരായുള്ള കത്തിൽ പത്തനതിട്ട ജില്ലാനിർമ്മിതി കേന്ദ്രത്തിന്റെ ചെയർമാൻ ജില്ലാകളക്ടറാണെന്നങ്കിലും ടി കമ്പനിയുമായി കരാറിൽ ഏർപ്പെടുന്നതിനു മുമ്പ് ജില്ലാ കളക്ടറെ അറിയിക്കുകയോ കരട് കരാർ അംഗീകാരത്തിനായി സമർപ്പിച്ച് അനുമതി വാങ്ങുകയോ ഉണ്ടായില്ലെന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു. മാത്രമല്ല സർക്കാർ തലത്തിലോ മറ്റേതെങ്കിലും സർക്കാർ ഏജൻസിയോ ടി കരാറിന്റെ നിയമസാധുത പരിശോധിച്ചതായും കാണുന്നില്ല.

52. നിർമ്മിതി കേന്ദ്രത്തിന്റെ ഘടനയെന്താണെന്നും ചുമതലകൾ എന്താണെന്നും മറ്റുമുള്ള വിഷയങ്ങൾ ഫയലിൽ പറഞ്ഞിട്ടില്ലാത്തതും Exbt 4, 5,6 എന്നിവയുടെ പകർപ്പ് ഉൾപ്പെടുത്തിയിട്ടില്ലാത്തതുമായ സാഹചര്യത്തിൽ, ഭരണഘടനയുടെ അനുച്ഛേദം 299 പ്രകാരം നിർമ്മിതി കേന്ദ്രയുടെ പ്രോജക്ട് മാനേജർക്ക് സർക്കാരിനെ പ്രതിനിധികരിച്ച് കരാറിൽ ഏർപ്പെടാനുള്ള അനുമതി നൽകിയിട്ടുണ്ടായിരുന്നോ എന്ന വസ്തുത ഭരണവകുപ്പിന് പരിശോധിക്കാവുന്നതാണ്.

നം.12614/ഉപദേശ-ജി2/2018/നിയമം        നിയമ (ഉപദേശ ജി) വകുപ്പ്
നം.10/പി3/2018/റവ

53. എഗ്രിമെന്റ് അനുസരിച്ച് ഭരണ വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്ന സാഹചര്യത്തിലും, അതുപോലെ 5 പാലങ്ങളുടെ പദ്ധതി പൂർത്തീകരിച്ച് എഗ്രിമെന്റനുസരിച്ച് 6,36,38,982/- രൂപ ടി കമ്പനിക്ക് നൽകിയിട്ടുണ്ടെന്ന വസ്തുത പരിഗണിച്ചും ബഹു: കേരള ഹൈക്കോടതിയിൽ M/s. സോംസ് ഇൻഫ്രാസ്ട്രക്ചർ ഫയൽ ചെയ്ത WP (C) 3178/2018 നമ്പരായുള്ള കേസിൽ ബഹു: ഹൈക്കോടതി രണ്ടു മാസത്തിനുള്ളിൽ കമ്പനിക്ക് നൽകാനുള്ള 'Mobilisation expense' I[st] part bill എന്നിവയുടെ payment -ന്റെ കാര്യത്തിൽ തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ള സാഹചര്യത്തിലും കോടതി ഉത്തരവ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും ഉചിതമെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.

ബി.ജി. ഹരീന്ദ്രനാഥ്
നിയമ സെക്രട്ടറി.

സെക്ഷൻ ഓഫീസർ